(സി) ഉണ്ട്.

(ഡി) പരിശോധിക്കാവുന്നതാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിലെ അപ്രന്റീസ് ക്ളാർക്കുകൾ

136 [3190] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവും, സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൽ അപ്രന്റീസ് ക്ളാർക്കുമാരുടെ സേവനം ലഭ്യമായിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഈ വിഭാഗത്തിൽ എത്ര പേരുണ്ടെന്നും അവരുടെ സേവനത്തിന്റെ വിശദാംശങ്ങളും വെളിപ്പെടുത്താമോ;

(സി) ഇവരുടെ സേവനകാലാവധി അവസാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പുതുതായി അപ്രന്റീസ് ക്ളാർക്കുമാരെ നിയമിക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(ഇ) പുതിയ നിയമനത്തിന് കാലതാമസം ഉണ്ടാകുന്നപക്ഷം നിലവിലുണ്ടായിരുന്നവരുടെ സേവനകാലം നീട്ടികൊടുക്കുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ഇതിനാവശ്യമായ ഫണ്ട് വകയിരുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ഇപ്പോൾ 16 അപ്രന്റീസ് ക്ളാർക്കുമാർ ഉണ്ട്: ഇവർക്ക് ക്ളാർക്ക് ജോലിയിൽ പരിശീലനം നൽകിവരുന്നു.

(സി) ഇല്ല.

(ഡി) പുതിയതായി 73 അപ്രന്റീസ് ക്ളാർക്കുമാരെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇവരെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) പരിഗണനയിലില്ല.

(എഫ്) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly